പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. എന്റെ പോയിന്റ് ഓഫ് ഓർഡറിൽ എന്തെങ്കിലും relevance ഉണ്ടെങ്കിൽ മാത്രം ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് തന്നാൽ മതി. ഇന്ന് ചർച്ച ചെയ്യുന്ന ഡിമാന്റുകളിലൊന്നും വിദ്യാഭ്യാസ വകുപ്പില്ല. എന്നിരുന്നാലും മലയാളം സർവ്വകലാശാല ഇന്നത്തെ ചർച്ചയിൽ ഉൾപ്പെട്ടത് ഓർഡറിലല്ല. കുറഞ്ഞ വിലയ്ക്ക് ഭൂമി വാങ്ങിയ ഉടമകളിൽ നിന്നും അമിതവില നൽകി ഭൂമി ഏറ്റെടുക്കുന്നതിലൂടെ കോടിക്കണക്കിന് രൂപ സർക്കാരിന് നഷ്ടം വരുന്ന ഇടപാടാണ് നടക്കുന്നത്. ഇതുവഴി വസ്തു ഉടമസ്ഥർക്ക് അമിതലാഭം ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അധികാരസ്ഥാനങ്ങളിലെ ഉന്നതതലങ്ങളിൽ നടക്കുന്ന ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഇത്തരത്തിൽ അമിത വിലയ്ക്ക് വസ്തു വാങ്ങുന്നത്. സ്പെസിഫിക്കായി ഒരാളുടെ പേരിൽ അഴിമതി ആരോപണം ഈ നോട്ടീസിലില്ല. ഒരാൾക്കെതിരായുള്ള ആരോപണം സംബന്ധിച്ച നടപടിക്രമം:- സ്പീക്കർക്കും, ഉത്തരത്തിനു വേണ്ടിയുള്ള സംഗതിയെപ്പറ്റി അന്വേഷണം നടത്തുവാൻ മന്ത്രിക്ക് സാധിക്കത്തക്കവണ്ണം, ബന്ധപ്പെട്ട

മന്ത്രിക്കും കൂടി മുൻകൂട്ടി നോട്ടീസ് നൽകുകയും ചെയ്യണം. ഇത് ഈ ഡിമാന്റിന്റെ ചർച്ചയിൽ വരേണ്ടതല്ല, മാത്രവുമല്ല, സ്പെസിഫിക്കായി ഒരു ആരോപണം ബഹുമാനപ്പെട്ട സ്പീക്കർക്ക് അഡ്രസ് ചെയ്തുകൊണ്ട് ശ്രീ. സി. മമ്മൂട്ടി ഇവിടെ നൽകിയതുമില്ല. ഇത് ഓർഡറിലാണോ എന്നുള്ളത് സംബന്ധിച്ച് സ്പീക്കർ പരിശോധിച്ച് റൂളിംഗ് നൽകിയാൽ മതി.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി അങ്ങയെ തെറ്റിദ്ധരിപ്പിക്കുകയാണ്. റൂളിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. മലയാളം സർവ്വകലാശാലയുടെ ഭൂമിയെടുപ്പുമായി ബന്ധപ്പെട്ട സ്പെസിഫിക്കായ ആരോപണമാണിത്. അത് അഴിമതി ആരോപണമായി അദ്ദേഹം എഴുതി തന്നിട്ടാണ് ഉന്നയിച്ചത്. അല്ലാതെ hear say അല്ല. ചട്ടപ്രകാരം എഴുതിത്തന്ന് ഉന്നയിക്കുന്ന ആരോപണമാണ്. ആ ആരോപണത്തിന്റെ എല്ലാ രേഖകളും അദ്ദേഹത്തിന്റെ കയ്യിലുണ്ട്. കേരളം കണ്ട ഏറ്റവും വലിയ അഴിമതിയാണിത്, ഒരു കുംഭകോണമാണിത്. ഇതിനെ സംബന്ധിച്ച് സമഗ്രമായൊരു അന്വേഷണത്തിന് പാർലമെന്ററികാര്യ വകുപ്പുമന്ത്രി തയ്യാറാവുകയാണ് വേണ്ടത്. അതിന് തയ്യാറാകാതെ അതിൽനിന്നും ഒഴിഞ്ഞുമാറാൻ

ശ്രമിക്കുകയാണ്. അതുകൊണ്ട് ഇത് ചട്ടപ്രകാരം ഓർഡറിലാണ് അവതരിപ്പിച്ചിട്ടുള്ളത്. ധനാഭ്യർത്ഥന ചർച്ചയിൽ എന്താണ് പ്രസംഗിക്കേണ്ടതെന്ന് ശ്രീ. എ. കെ. ബാലൻ ഞങ്ങളെ പഠിപ്പിക്കണ്ട. ഞങ്ങൾക്കിഷ്ടമുള്ളത് ഞങ്ങൾ സംസാരിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, ഇവിടെ ആരെയും പഠിപ്പിക്കേണ്ട കാര്യമൊന്നും എനിക്കില്ല. (...ബഹളം....) ചട്ടത്തിന്റെ മേഴ്സികൊണ്ടാണ് ഞാൻ സംസാരിക്കുന്നത്, അല്ലാതെ പ്രതിപക്ഷനേതാവിന്റെ ഔദാര്യം കൊണ്ടല്ല. ബാലൻ പഠിപ്പിക്കണ്ടെന്ന് പറയണ്ട. ചട്ടം 285 പ്രകാരം സ്പെസിഫിക്കായി ഒരു മന്ത്രിക്കെതിരായി ആരോപണം വേണം. ഈ നോട്ടീസിൽ ഒരു മന്ത്രിക്കെതിരായി ആരോപണമുണ്ടോ? അതിന് ബാലൻ പഠിപ്പിക്കണ്ടെന്ന് പറയുന്നതിൽ എന്താണർത്ഥം? (...ബഹളം....) ഒരു മന്ത്രിക്കെതിരായി ആരോപണം വേണ്ടേ? മന്ത്രി മറുപടി പറയണമെങ്കിൽ ആ മന്ത്രിക്കെതിരായി ആരോപണം വേണ്ടേ? എന്തും പറയാമെന്നാണോ? (...ബഹളം....)

ശ്രീ. എസ്. ശർമ്മ: സർ, നിയമസഭയുടെ നടപടി ക്രമങ്ങളനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. ഇതുപോലെയുള്ള പ്രശ്നങ്ങൾ വന്നാൽ നടപടിക്രമം എന്താണെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചിട്ടാണ് ചെയ്യുന്നത്. അങ്ങനെ

നോക്കുമ്പോൾ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞ പോയിന്റ് വളരെ ശരിയാണ്. ഞാൻ വളരെ സിമ്പിളായി ചോദിക്കുകയാണ്, ശ്രീ. സി. മമ്മൂട്ടി, നിങ്ങൾ ആർക്കെതിരായിട്ടാണ് ഈ ആരോപണം ഉന്നയിച്ചത്? ഇവിടെ അഴിമതിയെന്ന് ഉന്നയിച്ചത് സ്പെസിഫിക്കായി എഴുതി തന്നിട്ടുണ്ടെന്ന് പറഞ്ഞു. അതാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി വായിച്ചത്. അങ്ങനെ എഴുതി തന്നതിൽ അഴിമതിയില്ല. അദ്ദേഹം പ്രസംഗിച്ചപ്പോൾ പറഞ്ഞതുമില്ല. (...ബഹളം....)

<u>മി. സ്പീക്കർ</u>: ഇനി ഇതിന് ചർച്ചയൊന്നുമില്ല. ഞാൻ പറയട്ടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ അലിഗേഷൻ കൊടുക്കുന്നത് ചട്ടം 285 അനുസരിച്ചാണ്. അത് ഒരു മിനിസ്റ്റർക്കെതിരെയെന്ന് പ്രത്യേകമായി പറയുന്നില്ല. No allegation of a defamatory or incriminatory nature shall be made by a member, അത് ശ്രീ. സി. മമ്മൂട്ടിയാണ്, against any person unless the member has given to the Speaker and also to the Minister concerned so that the Minister may be able to make an investigation..... ഇത് നേരത്തെ നോട്ടീസ് കൊടുത്തിട്ട് മന്ത്രിക്കെതിരെ തന്നെ ആരോപണം വേണമെന്ന് റൂളിൽ പറയുന്നില്ല. രണ്ട്,

അതിന്റെ പ്രൊവൈസോയുമുണ്ട്. ആ പ്രൊവൈസോയിൽ സ്പീക്കർക്ക് ഒരു ഡിസ്ക്രീഷൻ കൊടുക്കുന്നുണ്ട്. Provided that the Speaker may at any time prohibit any member from making any such allegation if he is of opinion that such allegation is derogatory to the dignity of the Assembly or that no public interest is served by making such allegation. സ്പീക്കർക്ക് നേരത്തെ നോട്ടീസ് കൊടുക്കുകയും സ്പീക്കർ അദ്ദേഹത്തിന്റെ ഡിസ്ക്രീഷൻ ഉപയോഗിച്ച് ഇത് പബ്ലിക്ക് ഇന്ററസ്റ്റിന് അനുകൂലമായിട്ടുള്ള ഒരു കാരണമാണ്, ഈ സംഭവം വരേണ്ടതാണ്, അതിന് റൂളിൽ പറയുന്ന യാതൊരുവിധ തടസ്സവുമില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് പ്രൊഹിബിറ്റ് ചെയ്യാതെ മെമ്പർക്ക് ഇവിടെ സംസാരിക്കാനുള്ള അനുവാദം കൊടുത്തതാണ്. ഇതിവിടെ അനുവദിച്ച സ്പീക്കറുടെ അധികാരത്തെ ചോദ്യം ചെയ്യാൻ പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് ഒരു അധികാരവുമില്ല. മാത്രമല്ല, തുടർച്ചയായി പാർലമെന്ററികാര്യ വകുപ്പുമന്ത്രി സ്പീക്കറുടെ അധികാരത്തിൽ കൈകടത്തിക്കൊണ്ട് സംസാരിക്കുകയാണ്. അങ്ങ് അത് നിയന്ത്രിക്കണം.

<u>മി. സ്പീക്കർ</u>: പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് മാത്രമല്ല ഈ സഭയിലെ

ഏത് അംഗങ്ങൾക്കും ചട്ടവുമായി ബന്ധപ്പെട്ട് അവരവരുടെ അഭിപ്രായങ്ങൾ പറയാനും ക്രമപ്രശ്നങ്ങൾ ഉന്നയിക്കാനുമുള്ള അവകാശമുണ്ട്. ആ അവകാശമാണ് അദ്ദേഹം വിനിയോഗിച്ചത്, അതിനപ്പുറമൊന്നുമില്ല. ഇവിടെ ഡിമാന്റിന്റെ ചർച്ചാവേളയിൽ തന്റെ കയ്യിലുള്ള രേഖകൾ...... (....ബഹളം....) ഞാൻ പറഞ്ഞുതീരട്ടെ. ഇതിന് ഇനിയൊരു ചർച്ചയില്ല. ഇതിൽ നിങ്ങളെല്ലാവരുംകൂടി അഭിപ്രായം പറയേണ്ട കാര്യമെന്താണ്?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഇന്നലെ ഈ സഭയിൽ ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ബിസിനസ് കഴിയാതെ.......

<u>മി. സ്പീക്കർ</u>: അതിന് ഇന്നലെ റൂളിംഗ് പറഞ്ഞതല്ലേ. ഇന്ന് ആ കാര്യങ്ങൾ വീണ്ടും ഉന്നയിക്കുന്നതെന്തിനാണ്? ഇരിക്കൂ.... ഇന്നലെ പറഞ്ഞതിന് ഞാൻ റൂളിംഗ് കൊടുത്തു. ഇന്നത് ഉന്നയിക്കുന്നതിൽ എന്താണ് യുക്തിയുള്ളത്? അങ്ങ് ഇരിക്കൂ.... ഞാൻ പറയട്ടെ.... പ്ലീസ്...അങ്ങ് ഇരിക്കൂ.... അങ്ങ് പ്രസംഗം അവസാനിപ്പിച്ചതല്ലേ; ഇതിൽ ചർച്ചയില്ല. (....ബഹളം....) എന്താണ് ഈ കാണിക്കുന്നത്, ഞാൻ പറയട്ടെ.... ഡിമാന്റിന്റെ ചർച്ചാവേളയിൽ തന്റെ കയ്യിലുള്ള രേഖകളുടെയും വിവരങ്ങളുടെയും..... (....ബഹളം....) ഞാൻ പറഞ്ഞുകഴിയട്ടെ. അദ്ദേഹം (ശ്രീ. സി. മമ്മൂട്ടി) 19

മിനിട്ട് സംസാരിച്ചില്ലേ; ഡിമാന്റിന്റെ ചർച്ചാവേളയിൽ തന്റെ കയ്യിലുള്ള വസ്തുതകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ തനിക്കൊരു അഴിമതിയാരോപണം ഉന്നയിക്കാനുണ്ടെന്ന് എഴുതി നൽകി. അദ്ദേഹം എന്ത് ഉന്നയിക്കണമെന്നോ ഏത് മന്ത്രിക്കെതിരെ ഉന്നയിക്കണമെന്നോ പറയാനുള്ള ഉത്തരവാദിത്തം ചെയറിനില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അദ്ദേഹം ഉന്നയിച്ചത്. അതിന് മറുപടി പറയാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അവസരം നൽകും. ചർച്ച അവസാനിച്ചതിനുശേഷം അങ്ങേയ്ക്ക് മറുപടി പറയാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പോയിന്റ് ഓഫ് ഓർഡർ. (....ബഹളം......)

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ആണ് ഉന്നയിക്കുന്നത്. (....ബഹളം......) പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടില്ലേ? നിങ്ങൾ എന്താണ് പറയുന്നത്? (....ബഹളം......) അദ്ദേഹം എന്താണ് ഉന്നയിക്കുന്നതെന്ന് കേൾക്കൂ. (....ബഹളം......) അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കൂ.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പാർലമെന്ററികാര്യ വകുപ്പുമന്ത്രി ചട്ടപ്രകാരം ഒരു കാര്യം സഭയിൽ ഉന്നയിക്കുന്നു. അത് സ്പീക്കറുടെ അധികാരപരിധിയിൽ കടന്നുകയറാനോ സ്പീക്കറെ നിയന്ത്രിക്കാനോ അല്ല. (....ബഹളം......) ശ്രീ. വി. ഡി. സതീശൻ, ഞാൻ പറയട്ടേ. (....ബഹളം......) ഇവർ ബഹളം വയ്ക്കുന്നത് എന്തിനാണ്? (....ബഹളം......) ഒരു കാര്യം പറയുമ്പോൾ എല്ലാവരുംകൂടി പ്രശ്നമുണ്ടാക്കുന്നത് എന്തിനാണ്? പാർലമെന്ററികാര്യ വകുപ്പുമന്ത്രി ചട്ടപ്രകാരമുള്ള ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ അത് സ്പീക്കറെ നിയന്ത്രിക്കാൻ വേണ്ടിയാണ് ഇടപെടൽ നടത്തുന്നതെന്ന ദുരുദ്ദേശപരമായ പരാമർശം നടത്തിയത് തെറ്റാണ്. പാർലമെന്ററികാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ചട്ടങ്ങൾ ഉദ്ധരിച്ചുകൊണ്ട് സംസാരിക്കുമ്പോൾ സ്പീക്കറെ നിയന്ത്രിക്കാൻ വേണ്ടിയാണെന്ന നിലയിലേയ്ക്ക് അതിനെ വ്യാഖ്യാനിക്കുന്നത് ശരിയാണോയെന്ന് അങ്ങ് റൂളിംഗ് നൽകണം.

<u>മി. സ്പീക്കർ</u>: ഇക്കാര്യത്തിൽ വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞല്ലോ. ഈ സഭയിലെ ഏത് അംഗത്തിനും ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും

അടിസ്ഥാനത്തിൽ അഭിപ്രായങ്ങൾ പറയാനുള്ള അവകാശമുണ്ട്. അദ്ദേഹം പറഞ്ഞുകൊള്ളട്ടേ. അതിന്റെ മുകളിൽ പ്രത്യേകിച്ച് ചർച്ച ആവശ്യമില്ല. ദയവായി സ്പീക്കർക്ക് പ്രത്യേക സംരക്ഷണം വേണ്ട. ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും സംരക്ഷണം മാത്രമേ സ്പീക്കർക്ക് ആവശ്യമുള്ളൂ.